**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **31.10.2019-ൽ മറുപടിക്ക്**

**ചോദ്യം നം. 1518**

**കാസർഗോഡ് ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ ഇപ്പോൾ എത്ര മത്സ്യബന്ധന തുറമുഖങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം മാത്രമാണ് കമ്മീഷൻ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത തുറമുഖങ്ങളുടെ ശിലാസ്ഥാപനവും ഉദ് ഘാടനവും നടന്നത് എപ്പോഴാണെന്നും നിർമ്മാണ ചെലവ് എത്രയാണെന്നും ഏത് പദ്ധതി പ്രകാരമാണ് ഫണ്ട് അനുവദിച്ചതെന്നും അറിയിക്കുമോ; | (ബി) | <u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം</u><br>ശിലാസ്ഥാപന തീയതി - 13-8-2010<br>ഉദ് ഘാടന തീയതി - 21-08-2015<br>ചെലവ്- 30.61 കോടി രൂപ<br>പദ്ധതി 75% CSS. |
| (സി) | കാസർഗോഡ് ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും കമ്മീഷൻ ചെയ്തിട്ടില്ല. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ 99% പണികളും പൂർത്തിയായി. |
| (ഡി) | ഈ തുറമുഖങ്ങളുടെ ശിലാസ്ഥാപനം നടന്നത് എപ്പോഴാണെന്നും എത്ര രൂപയാണ് നിർമ്മാണ ചെലവെന്നും ഏത് പദ്ധതി പ്രകാരമാണ് ഫണ്ട് അനുവദിച്ചതെന്നും അറിയിക്കുമോ; | (ഡി) | 1) <u>കാസർഗോഡ് മത്സ്യബന്ധന തുറമുഖം</u><br>ശിലാസ്ഥാപന തീയതി - 8-1-2010<br>ചെലവ്- 29.85 കോടി രൂപ<br>പദ്ധതി -RKVY 100% CSS<br>2) <u>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം</u><br>ശിലാസ്ഥാപന തീയതി - 21-2-2014<br>ചെലവ്- 45.09 കോടി രൂപ<br>പദ്ധതി -75% CSS |
| (ഇ) | നിർമ്മാണത്തിലിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ | (ഇ) | 1) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം |

| | | | |
|---|---|---|---|
| | എപ്പോൾ പ്രവർത്തനക്ഷമമാകുമെന്നും കാലവിളംബമുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | | പൂർത്തിയായെങ്കിലും പുലിമുട്ടുകളുടെ അകലം വർദ്ധിപ്പിക്കുന്നതിന് തദ്ദേശവാസികളുടെ പരാതി നില നിൽക്കുന്നതിനാൽ കമ്മീഷൻ ചെയ്യാൻ സാധിച്ചില്ല. പുലിമുട്ടുകളുടെ അകലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2019 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ